ചരിത്രം

കെ. മൊയ്തു മൗലവി

# പരിവർത്തന പ്രക്രിയയുടെ തുടക്കം

**പത്തൊമ്പതാം** നൂറ്റാണ്ടിന്റെ പ്രാരംഭത്തിലുണ്ടായ ഖിബ്‌ലാ തർക്കം കേരളത്തിലെ മുസ്‌ലിംപണ്ഡിതന്മാർക്കിടയിൽ പുതുചിന്തകൾക്ക് വിത്തിട്ടു. പഴയ ചിലതെല്ലാം തെറ്റാണെന്നും പുനഃപരിശോധിക്കേണ്ടതുണ്ടെന്നും തോന്നാൻ അത് കാരണമായി. മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി മതവിദ്യാഭ്യാസ രീതിയിൽ മാറ്റം വരുത്താൻ ശ്രമിക്കുകയും പാഠപുസ്തകങ്ങൾ രചിക്കുകയും ചെയ്തതിനെ തുടർന്ന് കുറ്റ്യാടി, കോഴിക്കോട്, ചാലിയം, വടകര, തലശ്ശേരി മുതലായ സ്ഥലങ്ങളിൽ അദ്ദേഹത്തിന്റെ തന്നെ ശിഷ്യന്മാരാൽ നടത്തപ്പെട്ട ചില പ്രാദേശിക മദ്റസകൾ നിലവിൽവന്നു. ഇസ്‌ലാമിക ഖിലാഫത്തിന്റെ പതനത്തെ തുടർന്ന് ഇന്ത്യയിലും ഈജിപ്ത്, സിറിയ, ഇറാഖ്, പേർഷ്യ തുടങ്ങിയ മധ്യ പൗരസ്ത്യദേശങ്ങളിലുമെല്ലാം ഖിലാഫത്ത് പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടന്നിരുന്നു. കോളനി വിരുദ്ധ സമരം ശക്തിയാർജിച്ചുകൊണ്ടിരുന്ന ഇന്ത്യയിലാകട്ടെ, ഖിലാഫത്ത് പ്രശ്നത്തിൽ ബ്രിട്ടൻ സ്വീകരിച്ച വഞ്ചനാത്മക നിലപാട് അവരോടുള്ള മുസ്‌ലിം വിദ്വേഷം ഇരട്ടിക്കാനിടയാക്കി. സ്വാതന്ത്ര്യസമരത്തിന്റെ ഗതിവേഗം വർധിപ്പിക്കാനുതകും വിധം ഖിലാഫത്ത് കമ്മിറ്റി നിലവിൽവന്നു. ജംഇയ്യത്തുൽ ഉലമായെ ഹിന്ദ്, അബുൽകലാം ആസാദിന്റെ തർക്കെമുവാലാത്ത് തുടങ്ങിയ സംഘടനകൾ നിലവിൽവന്നതും ലഖ്നൗവിലെ ദാറുൽ ഉലൂം പോലുള്ള സ്ഥാപനങ്ങൾ ഉയിരെടുത്തതുമെല്ലാം ഈ മുസ്‌ലിം നവജാഗരണത്തിന്റെ ചൂടേറ്റുകൊണ്ടായിരുന്നു. കേരളവും ഇതിൽനിന്ന് മുക്തമായിരുന്നില്ല. കേരളത്തിലെ രാഷ്ട്രീയപ്രബുദ്ധതയും കാര്യബോധവുമുള്ള മുസ്‌ലിം പണ്ഡിതന്മാർ വളരെ പണ്ടുതന്നെ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുകയും ജനങ്ങൾക്ക് മാർഗദർശനം നൽകുകയും ചെയ്യുന്ന പാരമ്പര്യമുള്ളവരായിരുന്നു. പറങ്കിപ്പടക്കെതിരെ സമരാഹ്വാനം മുഴക്കിയ ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ, കോഴിക്കോട്ടെ ഖാദി ഖാരി അബ്ദുൽഅസീസ്, ബ്രിട്ടീഷുകാർക്കെതിരെ പടനയിച്ച വെളിയങ്കോട് ഉമർഖാദി, മമ്പുറം സയ്യിദ് അലവി തങ്ങൾ, പുത്രൻ സയ്യിദ് ഫദ്ൽ പൂക്കോയ തങ്ങൾ എന്നിവരുമൊക്കെ കാലത്തിനൊപ്പം നടന്ന പണ്ഡിതന്മാരായിരുന്നു. അവർക്കു ശേഷവും ഐക്യ സംഘം രൂപീകരിച്ചും മറ്റും ചില പ്രവർത്തനങ്ങളെല്ലാം പിന്നീടുവന്ന ചില പണ്ഡിതന്മാർ നടത്തി.

എന്നാൽ ഈ ദൃശ്യപ്രവർത്തനങ്ങളൊന്നും കേരള മുസ്‌ലിംകളിൽ പൊതുവായ ഒരു ബോധവൽക്കരണത്തിന് പര്യാപ്തമായില്ല. വിദ്യാഭ്യാസപരമായി മുസ്‌ലിംകൾ കേവലം പള്ളി ദർസുകളെയും ഓത്തുപുരകളെയുമായിരുന്നു ആശ്രയിച്ചിരുന്നത്. 1921-ലെ കലാപത്തിന് ശേഷം സ്ഥാപിതമായ മലപ്പുറം മുസ്‌ലിം ഹൈസ്കൂളല്ലാതെ മറ്റു യാതൊരു ലൗകിക വിദ്യാഭ്യാസസ്ഥാപനവും അവർക്കുണ്ടായിരുന്നില്ല. ലൗകിക വിദ്യാഭ്യാസത്തിൽനിന്ന് തീർത്തും വിമുഖരായിരുന്നു മുസ്‌ലിംകൾ. പേരുകേട്ട പണ്ഡിതന്മാരുടെ ദർസുകളായിരുന്നു വൈജ്ഞാനികരംഗത്ത് അവർക്ക് നേതൃത്വം നൽകിയിരുന്നത്. ആ പണ്ഡിതന്മാർക്കാണെങ്കിൽ ആരാധനകളുമായി ബന്ധപ്പെട്ട ഫിഖ്ഹീനിയമങ്ങളും ആധ്യാത്മികജ്ഞാനങ്ങളും ഖുർആന്റെ അർഥവും സ്വർഫ്, നഹ്‌വ് തുടങ്ങിയ ഭാഷാ ശാസ്ത്രങ്ങളും മാത്രമേ അറിഞ്ഞിരുന്നുള്ളൂ. മലയാളഭാഷ വശമുണ്ടായിരുന്നില്ല. ദിനപത്രങ്ങൾ വായിച്ചിരുന്നില്ല. പരിസരത്ത് നടക്കുന്ന കാര്യങ്ങളറിയാനുള്ള യാതൊരു മാർഗവും അവരുടെ മുമ്പിൽ ഉണ്ടായിരുന്നില്ല. സമുദായവുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം നാട്ടിലെ ചില പ്രമാണിമാർ കൈകാര്യം ചെയ്തിരുന്നു. നിരക്ഷരരും കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെപ്പറ്റി ബോധമില്ലാത്തവരുമായിരുന്നു അവരും. ബഹുജനം ഈ പണ്ഡിതന്മാരുടെയും പ്രമാണിമാരുടെയും ഇഛാനുവർത്തികളായി ജീവിച്ചു പോരുകയായിരുന്നു. ഇത് ഒരു പ്രദേശത്തിന്റെ മാത്രം പ്രശ്നമായിരുന്നില്ല. കേരളം അങ്ങോളമിങ്ങോളമുള്ള മുസ്‌ലിംകൾ, മലബാറിലായാലും തിരുവിതാംകൂറിലായാലും ഇതേ സ്വഭാവത്തിലായിരുന്നു. തിരുവിതാംകൂറിൽ വക്കം മൗലവി എന്ന മാന്യൻ വെട്ടിത്തിളങ്ങുന്ന ഒരു താരമായിരുന്നു. എന്നാൽ ബഹുജനത്തിന്റെ സ്ഥിതി അവിടെയും വ്യത്യസ്തമായിരുന്നില്ല.

ഓത്തുപുരകൾ എന്നുപറ

ഞ്ഞാൽ മതപഠനമാഗ്രഹിക്കുന്ന കുട്ടികൾ ഒത്തുകൂടന്ന ഒരു പുരയാണ്. വലിയ ഓത്തുപുരയിൽ നൂറിൽപരം കുട്ടികളും ഒരധ്യാപകനും ഒരു മേശയും ഒരു വടിയും ഓരോ കുട്ടിക്കും ഓരോ ക്ലാസും. അതാണ് അതിന്റെ സ്വഭാവം നാട്ടിലെ എല്ലാ കുടുംബങ്ങളുമായും ഈ അധ്യാപകന് ബന്ധമുണ്ടാകും. രോഗചികിത്സ, കല്യാണം, പ്രസവം, ജനനം, മരണം, പുണ്യദിനങ്ങൾ മുതൽ എല്ലാ കാര്യങ്ങളും അദ്ദേഹവും അദ്ദേഹത്തിന്റെ മന്ത്രതന്ത്രങ്ങളും 'ഇസ്മ് പണി'യുമായി ബന്ധപ്പെട്ടുകൊണ്ടാണ് നിർവഹിക്കപ്പെടുക. അങ്ങനെ സമുദായം പരിസരബോധമില്ലാത്ത അന്ധവിശ്വാസാചാരങ്ങളിൽ മുഴുകിക്കഴിയുന്ന ഒരു വിഭാഗമായിരുന്നു.

എവിടെയെങ്കിലും വല്ല സ്കൂളുമുണ്ടെങ്കിൽ അവിടെ പഠിക്കുന്നതിൽനിന്ന് മതനേതൃത്വം ശക്തിയായി തടഞ്ഞിരുന്നു. പെൺകുട്ടികളെ മാത്രമല്ല, ആൺകുട്ടികളെയും. ഒരിക്കൽ ഞാൻ ബഹ്റൈൻ സന്ദർശിച്ചപ്പോൾ അബ്ദുർറഹ്മാൻ ജൗദർ എന്നൊരു ഇഖ്വാൻ പ്രവർത്തകനുമായി പരിചയപ്പെട്ടു. പല കാര്യങ്ങളും ചർച്ച ചെയ്തു. കൂട്ടത്തിൽ അദ്ദേഹം പറഞ്ഞു. നിങ്ങളുടെ മലബാർ പൊതുവെ ദീനുള്ള നാടാണ്. പക്ഷേ, അവിടെ ഏതോ ഒരു ഇസ്ലാമിക വിരുദ്ധ ശക്തിയുടെ കുതന്ത്രങ്ങൾ നടന്നു വരുന്നുണ്ട്. പള്ളി ദർസുകളിലൂടെയാണത് നടക്കുന്നത്. മുസ്ലിംകളുടെ ശ്രദ്ധയും താൽപര്യവുമെല്ലാം പള്ളിദർസുകളോട് മാത്രം ബന്ധിപ്പിക്കുകയും ദർസുകളുടെ നേതൃത്വത്തിൽ ജനങ്ങളെ കുരുക്കിയിടുകയും ചെയ്യുന്നു. ലോകകാര്യങ്ങളുമായി അവർക്ക് യാതൊരു ബന്ധവുമില്ല. എനിക്ക് അത്ഭുതം തോന്നി. ദർസുകളോട് എനിക്ക് മതിപ്പായിരുന്നു. എന്നാൽ അത് മുസ്ലിംകളെ എന്താണ് ആക്കിത്തീർത്തിരിക്കുന്നത്? ഞാൻ ചിന്തിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിൽനിന്നും അകറ്റി നിർത്തി മലയാള ഭാഷ അന്യമാക്കി നാട്ടിലെന്താണ് നടക്കുന്നത്, ആരാണ് ഭരിക്കുന്നത്, അത് ഇസ്ലാമിന് ഗുണമോ ദോഷമോ ഇസ്ലാമുമായി അതിന് വല്ല ബന്ധവുമുണ്ടോ, കച്ചവടം എങ്ങനെ ചെയ്യണം, വ്യവസായം നടത്തേണ്ടതെങ്ങനെ, ചുറ്റുപാടുമുള്ള മറ്റു സമൂഹങ്ങളെല്ലാം വിദ്യാഭ്യാസപരമായി വളരുകയും വലിയ സ്ഥാനങ്ങൾ അലങ്കരിക്കുകയും സമ്പാദിക്കുകയും ചെയ്യുന്നു. നമുക്കതൊന്നും വേണ്ടേ? ഇസ്ലാം നമ്മുടെ എല്ലാ പുരോഗതിക്കും പ്രതിബന്ധമാണോ? ഇദ്ദേഹം പറയുമ്പോലെ വല്ല ദുശ്ശക്തികളും നാമറിയാതെ നമ്മെ നശിപ്പിക്കാനുള്ള തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരിക്കുന്നുണ്ടോ? ഞാനും സംശയിച്ചു പോയി.

ജനത്തെ ബോധവൽക്കരിക്കുന്ന യാതൊരു പരിപാടിയും അന്നുണ്ടായിരുന്നില്ല. ദിനപത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, വായിക്കാനുള്ള പുസ്തകങ്ങൾ, ലൈബ്രറികൾ, വായനശാലകൾ മുതലായവയൊന്നും അന്നുണ്ടായിരുന്നില്ല. വല്ലതുമുണ്ടെങ്കിൽ അതുമായി മുസ്ലിംകൾക്ക് ബന്ധവുമുണ്ടായിരുന്നില്ല. ക്ലാസുകൾ, ചർച്ചകൾ, സെമിനാറുകൾ, കാര്യക്ഷമമായി നടത്തപ്പെടുന്ന പ്രസംഗങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. ഈണസ്വരത്തിൽ നടത്തപ്പെടുന്ന വഅ്ള് (മതപ്രസംഗം) ആയിരുന്നു മുസ്ലിംകളെ ബോധവൽക്കരിച്ചിരുന്നത്. *തല ഇബാറാത്തും നബിയുടെ വഫാത്തും മഹ്ശറപ്രളയവും തൃക്കല്യാണവും ഖിസ്സകളു*മായിരുന്നു അതിലെ ആകർഷകമായ ഭാഗം. അതിന്റെ പ്രധാനലക്ഷ്യം അതു ചെയ്യുന്ന ആളുടെ ധനശേഖരണമായിരുന്നു.

ഈ ഘട്ടത്തിൽ മുസ്ലിംകളിൽ അഭ്യസ്തവിദ്യർ കുറവായിരുന്നു. അവരും മതപണ്ഡിതന്മാരും തമ്മിൽ ബന്ധമുണ്ടായിരുന്നില്ല. പരസ്പരം ശത്രുക്കളെപ്പോലെ അറപ്പോടും വെറുപ്പോടും കൂടിയായിരുന്നു വീക്ഷിച്ചിരുന്നത്. ലോകമറിയാത്ത മുല്ലയും ദീനറിയാത്ത മിസ്റ്ററും എന്ന് അവരെപ്പറ്റി പറയപ്പെട്ടിരുന്നു. അഖിലേന്ത്യാതലത്തിലും അന്ന് ദയൂബന്ദികളും അലീഗഢുകാരും പരസ്പരം അകന്നുകൊണ്ടായിരുന്നു. അതിന് പരിഹാരമായാണത്രെ നദ്വത്തുൽ ഉലമാ എന്ന സ്ഥാപനം ലഖ്നൗവിൽ ഇരുകക്ഷികളെയും കൂട്ടിയിണക്കുക എന്ന ലക്ഷ്യം മുൻനിർത്തി നിലവിൽവന്നത്.

അന്ന് മുസ്ലിംകളെ ബോധവൽക്കരിക്കാൻ എന്തുണ്ട് മാർഗം എന്ന വിഷയത്തിൽ വളരെ സജീവമായി ചിന്തിച്ച ഒരു മതപണ്ഡിതനായിരുന്നു ജനാബ് വി.കെ മുഹമ്മദ് ഇസ്സുദ്ദീൻ മൗലവി സാഹിബ്. ജാമിഅ ദാറുസ്സലാം ഉമറാബാദിൽനിന്ന് ബിരുദമെടുത്ത് പുറത്തു വരുമ്പോൾ 'നിങ്ങൾ നേടിയ ഈ വിജ്ഞാനം കൊണ്ട് എന്ത് ചെയ്യും' എന്ന ചോദ്യത്തിന് ഇതുപോലുള്ള ഒരു സ്ഥാപനം എന്റെ നാട്ടിൽ സ്ഥാപിക്കുകയും സമുദായത്തെ അജ്ഞതയിൽനിന്നും അന്ധവിശ്വാസാനാചാരങ്ങളിൽനിന്നും മോചിപ്പിക്കുകയും ചെയ്യുമെന്ന് മറുപടി എഴുതിക്കൊടുത്തുകൊണ്ടാണ് അദ്ദേഹം സ്വദേശത്തേക്ക് തിരിച്ചത്. അത്തരമൊരു സ്ഥാപനം നിർമിക്കാൻ വടക്കേ മലബാറിൽ പലയിടങ്ങളിലും ചുറ്റി സഞ്ചരിച്ചും പ്രസംഗിച്ചും മൗലവി നിരന്തരശ്രമങ്ങൾ ചെയ്തു. പക്ഷേ, പലയിടത്തും ഏതാണ്ട് വിജയത്തോടടുത്ത ഘട്ടത്തിൽ മുന്നോട്ടുവന്നവർ തന്നെ പെട്ടെന്ന് പിൻവാങ്ങുന്ന അനുഭവമാണുണ്ടായത്. യാഥാസ്ഥിതിക വിഭാഗത്തിന്റെ ദുഷ്പ്രചാരണങ്ങളായിരുന്നു യഥാർഥത്തിൽ മൗലവിയുടെ മുമ്പിലുണ്ടായിരുന്ന മുഖ്യതടസ്സം. മൗലവി വഃഹാബിയാണെന്നും അദ്ദേഹം പറയുന്ന സ്ഥാപനവും പ്രവർത്തനങ്ങളുമെല്ലാം ദീനിനെ നശിപ്പിക്കാനുള്ളതാണെന്നും രഹസ്യമായി അവർ ജനങ്ങളെ ധരിപ്പിച്ചു

കൊണ്ടിരുന്നു.

ജീർണത ബാധിച്ച തുർക്കീ ഖിലാഫത്ത് നിലവിലുള്ളപ്പോൾ ജസീറത്തുൽ അറബി(അറേബ്യൻ ഉപദ്വീപ്)ന്റെ കിഴക്കു ഭാഗങ്ങളിൽ ക്രി. 1702-ൽ ജനിച്ച മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ് എന്ന മഹാൻ നടത്തിയ പരിഷ്കരണ പ്രവർത്തനങ്ങൾക്കാണ് വഹ്ഹാബിസം എന്നു പറയുന്നത്. ഖബ്റാരാധന മുതൽ ശിർക്കുപരമായ അന്ധവിശ്വാസങ്ങളും നടമാടിയിരുന്ന ആ ചുറ്റുപാടിനെ ഇസ്‌ലാമീകരിക്കാൻ വേണ്ടി പ്രയത്നിക്കുകയായിരുന്നു അദ്ദേഹം. ഖിലാഫത്തിന്റെ പട്ടാളം ആ പ്രസ്ഥാനത്തെ നശിപ്പിക്കാനുള്ള സർവശ്രമങ്ങളും നടത്തിയിരുന്നു. അതേസമയത്ത് നിലവിലുള്ള ഗവൺമെന്റിന്റെ വാർത്താ വിതരണ വകുപ്പും ഭരണത്തിന് ഓശാന പാടുന്ന പണ്ഡിത പുരോഹിതന്മാരും കീഴ്ജീവനക്കാരും ആ പ്രസ്ഥാനത്തിന്നും അതിന്റെ നായകനുമെതിരിൽ ദുഷ്പ്രചാരണം നടത്തുന്നതിൽ യാതൊരു വീഴ്ചയും വരുത്തിയിരുന്നില്ല. ഹറമൈനിയെ (മക്ക, മദീന) കേന്ദ്രമാക്കിക്കൊണ്ടായിരുന്നു പ്രചരണം. ഹജ്ജുകാലങ്ങളിൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വന്നുചേരുന്ന നിഷ്കളങ്കരെയാണ് അവർ ഉപയോഗപ്പെടുത്തിയിരുന്നത്. കള്ള ഹദീസുകൾ കെട്ടിച്ചമച്ചും ഉള്ളതിന് താൽപര്യത്തിനൊത്ത വ്യാഖ്യാനങ്ങൾ നൽകിയും ഈ മനുഷ്യനെ മുമ്പു തന്നെ പ്രവാചകൻ ശപിച്ചിട്ടുണ്ടെന്നും ഇത് ദീനിനെ നശിപ്പിക്കാൻ വന്ന ആളാണെന്നും മറ്റും അവർ പറഞ്ഞു പ്രചരപ്പിച്ചു. അദ്ദേഹത്തിന്റെ പേരിൽ പല കള്ളക്കഥകളും മെനഞ്ഞുണ്ടാക്കി. ഖിലാഫത്ത് നശിച്ചിട്ടും ആ കഥകളൊന്നും ഇന്നും ജനങ്ങൾ മറന്നിട്ടില്ല. പിന്നീട് വഹ്ഹാബിസം തങ്ങളുടെ താൽപര്യത്തിന്ന് എതിരാണെന്ന് കണ്ട ബ്രിട്ടീഷുകാർ ഇത് ഏറ്റുപിടിച്ചു.

ഈ ദുഷ്പ്രചാരണത്തിന്റെ കള്ളികൾ ഏറക്കുറെ മനസ്സിലാക്കിയ ചില വ്യക്തികൾ അന്ന് ചെംനാട്ടും പരിസരത്തും ഉണ്ടായിരുന്നു. അതുകൊണ്ടാണ് മൗലവി അവസാനം അവിടെ ചെന്നെത്തിയത്. അൽ മദ്റസത്തുൽ ആലിയ സ്ഥാപിതമാകുന്നത് അങ്ങനെയാണ്. മായിൻ ശംനാട്, പുതിയ പുര മുഹമ്മദ് സാഹിബ്, എട്ടുവളപ്പിൽ എ.ബി അബ്ബാസ് കുട്ടി സാഹിബ്, സി.എച്ച് അഹ്മദ്, സി.എം. അഹ്മദ്, അറബി ശംനാട് എന്നിവരാണ് ആലിയയെ താങ്ങി നിർത്തിയത്. സാമുദായിക രംഗത്ത് വല്ലതും പ്രവർത്തിച്ചുകൊണ്ടിരുന്ന കെ.എം മൗലവി സാഹിബ്, കെ.എം. സീതി സാഹിബ്, സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖീഹ് തങ്ങൾ എന്നിവരും ആലിയ സ്ഥാപിക്കുന്നതിൽ ഭാഗഭാക്കായിട്ടുണ്ട്.

ആലിയ സ്ഥാപിക്കപ്പെടുന്ന കാലത്ത് കേരളക്കരയിൽ പൊതുജനങ്ങളാൽ നടത്തപ്പെടുന്നതും മതപരവും ലൗകികവുമായ വിജ്ഞാനങ്ങൾ പഠിപ്പിക്കപ്പെടുന്നതുമായ യാതൊരു സ്ഥാപനവും ഉണ്ടായിരുന്നില്ല. കൊയപ്പത്തൊടി തറവാട്ടുകാരുടെ വക വലിയ ഒരു ദർസ്-ദാറുൽ ഉലൂം വാഴക്കാട്- നിലവിലുണ്ടായിരുന്നു. ഇന്നീ കാണപ്പെടുന്ന അറബി ക്കോളേജുകളോ പ്രാഥമിക മദ്റസകളോ അന്നുണ്ടായിരുന്നില്ല. അതുകൊണ്ട് ഒരർഥത്തിൽ കേരളത്തിലെ ഇസ്‌ലാമികപരിവർത്തനത്തിന്റെ തുടക്കമാണ് ആലിയ എന്നു പറയുന്നതിൽ തെറ്റില്ല.